പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 116

13.06.2013 ൽ മറുപടിക്ക്

**റേഷൻ വിതരണത്തിൽ പ്രതിസന്ധി**

**ചോദ്യം**

ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എം. ഹംസ:
ശ്രീ. പി.റ്റി.എ. റഹീം:
ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ):

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) റേഷൻ വിതരണത്തിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(എ) റേഷൻ വിതരണത്തിൽ പ്രതിസന്ധി യൊന്നും നിലവിലില്ല. എന്നാൽ ബി.പി. എൽ. കാർഡുടമകൾക്ക് അഡ്ഹോക് വിഹിതം ലഭിക്കാത്തതുമൂലം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തോതിൽ 25 കിലോഗ്രാം അരി വീതം വിതരണം ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്ന സാഹ ചര്യം നിലവിലുണ്ട്. ഈ വർഷവും ബി.പി.എൽ. അഡ്ഹോക് വിഹിതം അനുവദിയ്ക്കുന്നതിനായി കേന്ദ്ര സർക്കാ രിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തു ക്കളുടെ അളവ് കുറവു ചെയ്യുക യുണ്ടായോ; വിശദാംശം ലഭ്യമാ ക്കാമോ;

(ബി) എ.പി.എൽ. കാർഡുടമകൾക്ക് 2013 ഏപ്രിൽ, മെയ് മാസങ്ങളിൽ 6 കിലോ ഗ്രാം അരിയും 1 കിലോഗ്രാം ഗോതമ്പും മാത്രമേ വിതരണം ചെയ്യാൻ സാധിച്ചിരു ന്നുള്ളു. എന്നാൽ 22.05.2013ൽ എ.പി. എൽ. വിഭാഗത്തിന് അഡ്ഹോക് വിഹിതം ലഭ്യമായതുമൂലം 2013 ജൂണിൽ 9 കിലോഗ്രാം അരിയും 3 കിലോഗ്രാം ഗോതമ്പും വിതരണം ചെയ്യാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ബി.പി.എൽ. കാർഡുടമ കൾക്ക് 25 കിലോഗ്രാം അരി വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നിലവിലുണ്ടെ ങ്കിലും 18.2 കിലോഗ്രാം വീതം വിതരണം ചെയ്യാനുള്ള അലോട്ട്മെന്റ് മാത്രമേ നിലവിൽ ലഭ്യമായിട്ടുള്ളു.

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ രണ്ടു വർഷത്തിനകം കേന്ദ്രം എത്ര തവണ സംസ്ഥാനത്തിനുള്ള റേഷൻ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ഭക്ഷ്യധാന്യം എത്ര അളവിലാണ് വെട്ടിക്കുറച്ചത്; | (സി) | സംസ്ഥാനത്തിനുള്ള റേഷൻ വിഹിതം കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തിൽ ബി.പി.എൽ അഡ്ഹോക് വിഹിതമായി ലഭിച്ച 84978 മെ.ടൺ അരിയും 34190 മെ.ടൺ ഗോതമ്പും 2013-14 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടില്ല. |
| (ഡി) | കമ്പോളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വെട്ടിക്കുറച്ച റേഷൻ വിഹിതം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സാധാരണ കേന്ദ്ര വിഹിതത്തിനു പുറമേ അഡ്ഹോക് വിഹിതം അനുവദിക്കുന്നതിനായും നിലവിലെ സാധാരണ വിഹിതത്തിന്റെ അളവ് ഉയർത്തുന്നതിനുമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ